# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 6726 — 09.11.2016- ൽ മറുപടിയ്ക്ക്

## സഹകരണ മേഖലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രവർത്തനം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. സി. ദിവാകരൻ**<br>**ശ്രീമതി ഗീതാ ഗോപി**<br>**" സി.കെ. ആശ**<br>**ശ്രീ.എൽദോ എബ്രഹാം** | **ശ്രീ. എ.സി.മൊയ്തീൻ**<br>(സഹകരണവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| എ) സഹകരണ മേഖലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) സഹകരണ മേഖലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ട്.<br>സംസ്ഥാനത്തെ യൂണിവേഴ്സിറ്റികളിൽ പരിമിതമായ സീറ്റുകളാണുള്ളത്. ഉന്നത വിദ്യാഭ്യാസത്തിനായി സ്വാശ്രയ കോളേജുകളെ സമീപിക്കുന്ന വിദ്യാർത്ഥികൾക്ക് ഉയർന്ന ഫീസ് നൽകി പഠിക്കേണ്ട സാഹചര്യമാണ് നിലവിലുള്ളത്. സംസ്ഥാനത്ത് സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന 68 ആർട്സ് ആന്റ് സയൻസ് കോളേജുകൾ വഴി സർക്കാർ ഫീസ് നിരക്കിൽ വിദ്യാർത്ഥികൾക്ക് പഠിക്കുവാൻ സാധിക്കുന്നു.<br>സ്കൂൾ കോളേജ് തലത്തിൽ വിദ്യാർത്ഥികൾക്ക് നോട്ട്ബുക്ക്, മറ്റ് പഠന ഉപകരണങ്ങൾ എന്നിവ വിതരണം ചെയ്യുന്ന സ്കൂൾ സൊസൈറ്റികൾ നിലവിലുണ്ട്. ഈ സംഘങ്ങൾ ഉയർത്തിക്കൊണ്ട് വരുന്നതിനായി ഫണ്ട് അനുവദിക്കുന്നതാണ്.<br>പ്രൊഫഷണൽ വിദ്യാഭ്യാസത്തിനായി കേരള അക്കാദമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ (കേപ്പ്)ന്റെ കീഴിൽ 9 എൻജിനീയറിംഗ് കോളേജുകളും ഒരു മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടും പ്രവർത്തിച്ചു വരുന്നു. സഹകരണ സംഘങ്ങൾ/ ബാങ്കുകൾ എന്നിവിടങ്ങളിലെ ജീവനക്കാർക്ക് വിദഗ്ധ പരിശീലനത്തിനായി ഒരു ഫിനിഷിംഗ് സ്കൂളും കേപ്പിന്റെ നിയന്ത്രണത്തിലുണ്ട്. |

കോഴിക്കോട് ജില്ലയിൽ എം.ദാസൻ എഞ്ചിനീയറിംഗ് കോളേജ് പ്രൊഫഷണൽ വിദ്യാഭ്യാസ രംഗത്ത് പ്രവർത്തിക്കുന്നു.

സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് യൂണിയന്റെ നിയന്ത്രണത്തിൽ തിരുവനന്തപുരം നെയ്യാർഡാമിനു സമീപം 'കിക്മ' എന്ന സ്ഥാപനം എം.ബി.എ കോഴ്സ് നടത്തുന്നതിനായി 2009 മുതൽ പ്രവർത്തിച്ചു വരുന്നു. ആശുപത്രി സഹകരണ സംഘങ്ങളുടെ കീഴിൽ നേഴ്സിംഗ് കോളേജുകൾ സഹകരണ മേഖലയിൽ പ്രവർത്തിച്ചു വരുന്നുണ്ട്.

സഹകരണ സ്ഥാപനങ്ങളിലെ പ്രവർത്തനങ്ങളെപ്പറ്റി പരിശീലനം നൽകുന്നതിനായി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് യൂണിയന്റെ നിയന്ത്രണത്തിൽ ജെ.ഡി.സി (ജൂനിയർ ഡിപ്ലോമ ഇൻ കോ-ഓപ്പറേഷൻ), എച്ച്.ഡി.സി (ഹയർ ഡിപ്ലോമ ഇൻ കോ-ഓപ്പറേഷൻ) എന്നീ പരിശീലന കോഴ്സുകൾ നടത്തി വരുന്നു. കൂടാതെ സഹകരണ വകുപ്പിലെയും സഹകരണ സ്ഥാപനങ്ങളിലെയും ജീവനക്കാർക്ക് വിദഗ്ധ പരിശീലനം നൽകുന്നതിനായി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ നിയന്ത്രണത്തിൽ തിരുവനന്തപുരത്തെ മൺവിളയിൽ അഗ്രിക്കൾച്ചറൽ കോ-ഓപ്പറേറ്റീവ് സ്റ്റാഫ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് പ്രവർത്തിക്കുന്നുണ്ട്.

കൂടാതെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റ് എന്ന സ്ഥാപനം എച്ച്.ഡി.സി.എം എന്ന കോഴ്സ് നടത്തുന്നുണ്ട്.

ബി) ജാതിമത സാമുദായിക പ്രസ്ഥാനങ്ങൾ കയ്യടക്കി വച്ചിരിക്കുന്നതായി ആക്ഷേപമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഒരു ബദലായി ജാതിമത സങ്കല്പങ്ങൾക്ക് അതീതമായി ചിന്തിക്കുന്ന ഒരു വിദ്യാർത്ഥി സമൂഹത്തെ വളർത്തിയെടുക്കുന്നതിൽ സഹകരണ പ്രസ്ഥാനത്തിന് സാധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ജാതിമത സങ്കല്പങ്ങൾക്ക് അതീതമായി ചിന്തിക്കുന്ന ഒരു വിദ്യാർത്ഥി സമൂഹത്തെ വളർത്തിയെടുക്കുന്നതിൽ സഹകരണ പ്രസ്ഥാനത്തിന് ഒരു പരിധി വരെ സാധിച്ചിട്ടുണ്ട്. ഇത്തരം സങ്കല്പങ്ങൾക്ക് അതീതമായിട്ടാണ് സഹകരണ വകുപ്പിന്റെ കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത്. നിയമനങ്ങൾ, വിദ്യാർത്ഥി പ്രവേശനം തുടങ്ങി

.......3

എല്ലാക്കാര്യങ്ങളിലും ഇത്തരം പ്രവണതകൾക്ക് അതീതമായി വിദ്യാർത്ഥി സമൂഹത്തെ തുല്യമായിക്കാണുന്ന നിലപാടാണ് സഹകരണ വിദ്യാഭ്യാസ സ്ഥാപനങ്ങൾ കൈക്കൊള്ളുന്നത്.

സി) വിദ്യാഭ്യാസ മേഖലയിൽ സഹകരണ പ്രസ്ഥാനങ്ങളുടെ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിന് പദ്ധതികളുണ്ടോ; വ്യക്തമാക്കുമോ;

(സി) നിലവിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്. കൂടാതെ വിദ്യാഭ്യാസ മേഖലയിൽ സഹകരണ പ്രസ്ഥാനങ്ങളുടെ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിന് സഹകരണസ്ഥാപനങ്ങളിൽ നിന്ന് നൂതന പദ്ധതികൾ ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

ഡി) സഹകരണ പ്രസ്ഥാനങ്ങളിലെ അധിക നിക്ഷേപം മൂലധനമാക്കി, സാധാരണക്കാർക്ക് കുറഞ്ഞ നിരക്കിൽ മെച്ചപ്പെട്ട വിദ്യാഭ്യാസം നൽകുന്നതിന് വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് തയ്യാറാകുമോ?

(ഡി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**